**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **04-10-2021 - ൽ മറുപടിയ്ക്ക്**

**ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും, ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും, ഓരോന്നിന്റെയും പരിധി എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ആരോഗ്യ കിരണം പദ്ധതി ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ ബി എസ് കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ ബി പി. എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.ആദായ നികുതി ദായകർക്കും സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർബിഎസ്കെ യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാ തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി കൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകി വരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ജനനി ശിശു സുരക്ഷാ കാര്യക്രമം പദ്ധതി (JSSK) ജനനി ശിശു സുരക്ഷാ കാര്യക്രമം |

പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒരു വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവയും ലഭ്യമാണ്. ഇതു കൂടാതെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയാണെങ്കിൽ സൗജന്യ വാഹന സൗകര്യം ലഭിക്കുന്നു. ജനനി ശിശു സുരക്ഷാ കാര്യക്രം പ്രകാരം ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യമായ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭിക്കുന്നു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (SMAP) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരക രോഗങ്ങളാൽ അവശത അനു ഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യ പത്രത്തി ന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധന സഹായം നൽകുന്നു. സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശു പത്രികളിലെ അംഗീകൃത ചികിത്സ കൾക്കും ശസ്ത്രക്രിയകൾക്കും ധന സഹായം അനുവദിച്ചു വരുന്നു. കൂടാതെ 08.01.2016 ലെ സ.ഉ.സാധാ നം. 129/2016 പ്രകാരം 34 ആശുപത്രികളേയും പക്ഷാഘാത ചികിത്സയ്ക്ക് വേണ്ടി 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളേയും കൂടി ടി പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി GO (Rt) No. 1739/2018/H&FWD dated 29.05.2018 പ്രകാരം കേരള സർക്കാർ ലേബർ വകുപ്പിന് കീഴിൽ നടപ്പിലാക്കി വന്നിരുന്ന (ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ്) എന്നീ പദ്ധതികൾ ഏകീകരിച്ചു രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അനുബന്ധം 2 ആയി ചുവടെ ചേർക്കുന്നു കാരുണ്യ ബെനെവെലെന്റ് ഫണ്ട് (KBF) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. (KASP) അംഗത്വം ഇല്ലാത്തതും മൂന്ന് ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനെവെലെന്റ് ഫണ്ട് (KBF) പദ്ധതിയുടെ അർഹത ലഭിക്കുന്നതാണ്. KASP പദ്ധതിയിൽ എംപാനൽ ചെയിത ആശുപത്രികളിൽ നിന്നും കെബിഫ് പദ്ധതിയുട സേവനം ലഭ്യമാണ്. കെബിഫ് പദ്ധതിപ്രകാരം രണ്ടു ലക്ഷം രൂപയുടെ ദ്വിതീയ,

| | | | |
|---|---|---|---|
| | | | ത്രിതീയ സൗജന്യ ചികിത്സ ലഭ്യമാണ്. വൃക്ക സംബന്ധമായാ അസുഖങ്ങൾക്കു മൂന്ന് ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. ക്യാൻസർ, ക്ഷയം, കുഷ്ഠം രോഗികൾക്കുള്ള പെൻഷൻ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ ക്യാൻസർ, ക്ഷയം കുഷ്ഠം ഇവയിൽ ഏതെങ്കിലും രോഗം ഉള്ളവർക്ക് പ്രതിമാസം ആയിരം രൂപ വീതം ധനസഹായം നൽകി വരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റുസഹിതം ബന്ധപ്പെട്ട താലൂക്ക് ഓഫീസിലാണ് സമർപ്പിക്കേണ്ടത്. മറ്റു ആനുകൂല്യങ്ങൾ സ.ഉ.(സാധാ)നം.2171/2018/ആ.കു.വ തീയതി 06.07.2018 പ്രകാരം അന്ത്യോദയ അന്നയോജന (AAY), മുൻഗണന (Priority) എന്നീ വിഭാഗങ്ങളിലെ റേഷൻകാർഡ് അംഗങ്ങൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും, ഗുരുതര രോഗം ബാധിച്ചിട്ടുള്ള (സ.ഉ.(സാധാ)നം.3204/2018/ആ.കു.വ തീയതി 24.10.2018 പ്രകാരം പട്ടികപ്പെടുത്തിയ രോഗങ്ങൾ അനുബന്ധം 3 -ൽ കണ്ടാലും) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ (Non Priority State Subsidy) ഉൾപ്പെടുന്ന അംഗത്തിനും റേഷൻ കാർഡിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ "സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്ക് അർഹനാണ്" എന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

/

**അനുബന്ധം 1**

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള ചികിത്സകളും ശസ്ത്രക്രിയകളും ചുവടെ ചേർക്കുന്നു.

1. മസ്തിഷ്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ )
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ - റിസക്ഷനും പ്രൊസ്തസിസും , ലംബാർ തൊറാസിക്ക് , വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ ,കാൽമുട്ട് മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ
12. ഗില്ലൻബാരി സിൻഡ്രോം
13. ഹിപ്പ് റീപ്ലേസ്മെന്റ് സർജ്ജറി
14. ഹിസ്റ്ററക്ടമി
15. വന്ധ്യതാചികിത്സാ
16. ക്രോണിക് ലിവർ ഡിസീസ്

P10 CF

Hari

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

കേരളത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അറിയപ്പെടുന്നത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിലാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്. എച്ച്. എ). എസ് എച്ച് എ ക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെയും നടത്തിപ്പ് ചുമതല.

ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ കാലയളവിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്ന് ആയിരുന്നു നടത്തിപ്പ് ചുമതല. മേൽ സൂചിപ്പിച്ച സ്ഥാപനം നിയമാനുസൃതമായ ടെൻഡർ നടപടികളിലൂടെയാണ് തിരഞ്ഞെടുത്തത്. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി യുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ഓഫീസും ജില്ലാ തലത്തിൽ ജില്ലാ ഓഫീസും പ്രവർത്തിച്ചു വരുന്നു.

Flag D

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചുകൊണ്ട് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 187 സർക്കാർ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 556 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്.

പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾ ദ്വിതീയ, തൃതീയ തലപരിചരണത്തിനും ചികിത്സക്കുമായി ആശുപത്രിയിൽ പ്രവേശിക്കേണ്ടിവന്നാൽ പദ്ധതി വഴി പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാക്കി വരുന്നു.

ഇത് കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപെടാത്തവർക്കായി എ പി എൽ / ബി പി എൽ വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ ഉള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി 2 ലക്ഷം വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം വരെയുള്ള ചികിത്സ ആനുകൂല്യവും നൽകി വരുന്നു.

നിലവിൽ 24 മണിക്കൂർ കിടത്തി ചികിത്സ ആവശ്യമായി വരുന്ന അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ . കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖേനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തിരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത 89 പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതല വഹിക്കുന്ന സ്റ്റേറ്റ്

ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ സ്വകാര്യ ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി യുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാണ്. കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്.

നിലവിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സ ചിലവ് വഹിക്കുന്ന 19.57 ലക്ഷം കുടുംബങ്ങൾ ഉൾപ്പടെ ആകെ 41.71 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യ ലഭിച്ച വരുന്നു. നിലവിലെ പദ്ധതി ഗൈഡ് ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽ നിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയും പ്രകാരമാണ്.

അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്ക്കുകളിൽ നിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018 – 2019 ലെ സാധുവായ ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ് കാർഡുകൾ
2. ആധാർ കാർഡ്
3. റേഷൻ കാർഡ്
4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരാണെന്നു കാണിച്ച പ്രധാന മന്ത്രിയുടെ ഓഫീസിൽ നിന്ന് ലഭിച്ച തപാൽ സന്ദേശം.

പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരു വിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്.

Flag D

Hari

സെക്ഷൻ ഓഫീസർ.

അനുബന്ധം 3

**List of ailments contributing to 'State Priority' category in Ration Card for Treatment benefits only (As per G.O (Rt) No. 3204/2018/H&FWD dated 24/10/2018)**

| Sl. No. | Disease |
|---|---|
| 1 | All diagnosed cases of Chronic Kidney diseases |
| 2 | All diagnosed cases of Malignancy (Cancers) |
| 3 | Amputies-more than arm/foot |
| 4 | Behaviour disorder-autism |
| 5 | Beta Thalassemia |
| 6 | Cognitive delay |
| 7 | Congenital Heart diseases |
| 8 | Congenital motor delay |
| 9 | Convulsive Disorders-Seizure disorder |
| 10 | Diagnosed cases of Psychiatry |
| 11 | Disabled-Holding Disability certificate with more than 40% permanent disability ( physical/mental) |
| 12 | Downs Syndrome |
| 13 | Genetic Disorders |
| 14 | Hemophilia |
| 15 | Motor Neuron Diseases |
| 16 | Neural Tube Defect |
| 17 | Neuro Motor impairment |
| 18 | Non-healing ulcers affecting routine life |
| 19 | PL HIV/AIDS |
| 20 | Post Transplantation-Kidney, liver, heart |
| 21 | Post accidental/trauma bedridden due to paralysis |
| 22 | Post Stroke Permanent Residual Paralysis |
| 23 | Rheumatic Heart Diseases |
| 24 | Sickle cell anemia |

Hari

സെക്ഷൻ ഓഫീസർ